"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം- ഹൈക്കോടതി സർവ്വീസിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ ഒരു പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.78/2025/HOME തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:- 1. സ. ഉ. ( കൈ) നമ്പർ. 45 / 2023 / ആഭ്യന്തരം തീയതി 16.02.2023 .

2. കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 15.06.2024, 04.12.2024 എന്നീ തീയതികളിലെ HCKL / 236 / 2024 -A7-HC-KERALA നമ്പർ കത്തുകൾ.

**ഉത്തരവ്**

ഹൈക്കോടതി സർവീസിലെ ഐ.ടി വിഭാഗത്തിൽ, പത്തൊൻപത് (19) സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിൽ നിന്നും,ഒരു മാനേജർ (ഐടി) തസ്തിക (ശമ്പള സ്കെയിൽ 1,07,800-1,60,0 0 0 രൂപ), ഒരു സിസ്റ്റം എഞ്ചിനിയർ തസ്തിക(ശമ്പള സ്കെയിൽ 59,300-1,20,9 0 0 രൂപ), മൂന്ന് സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ തസ്തികകൾ(ശമ്പള സ്കെയിൽ 59,300-1,20,900 രൂപ) എന്നീ അഞ്ച് സൂപ്പർ വൈസറി തസ്തികകൾ കേരള ഹൈക്കോടതിയിലേയ്ക്കും, ഓരോ സിസ്റ്റം ഓഫീസർ (ശമ്പള സ്കെയിൽ 51,400-1,10,300 രൂപ) എന്ന കണക്കിൽ 14 സീനിയർ സിസ്റ്റം ഓഫീസർ തസ്തികകൾ ജില്ലാ ജുഡീഷ്യറിയിലേയ്ക്കും നീക്കി വെച്ചിരുന്നു.

2) ജുഡീഷ്യറിയിലെ നീതിനിർവ്വഹണം മികവുറ്റതാക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂൾസ് വർദ്ധിച്ച തോതിൽ ഉപയോഗിക്കുന്നതിനും കൂടാതെ ഹൈക്കോടതി വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുള്ള കേസ് മാനേജ്മെന്റ് സിസ്റ്റം (സിഎംഎസ്) ജില്ലാ ജുഡീഷ്യറിയിൽ കൂടി നടപ്പിലാക്കുവാൻ ഹൈക്കോടതി തീരുമാനിച്ചിണ്ടെന്നും അതോടൊപ്പം വഖഫ് ട്രൈബ്യൂണൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, വിജിലൻസ് കോടതികൾ എന്നിവയ്ക്കായി കസ്റ്റമൈസ്ഡ് സോഫ്റ്റ്വെയർ പോലുള്ള മറ്റ് സോഫ്റ്റ്വെയർ എന്നിവ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായവും ആവശ്യമാണെന്നും പരാമർശം (2) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ ജനറൽ അറിയിക്കുകയും ആയതിനാൽ മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത്, കേരള

ഹൈക്കോടതിയിലെ പ്രിൻസിപ്പൽ ടെക്നിക്കൽ ഓഫീസറെ സഹായിക്കുന്നതിന്, 63,700- 1,23,700 /-രൂപ ശമ്പള സ്കെയിലിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ (JTO) ഒരു പുതിയ തസ്തിക ഹൈക്കോടതി ഐടി വിഭാഗത്തിൽ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഹൈക്കോടതിയിലെ പ്രിൻസിപ്പൽ ടെക്നിക്കൽ ഓഫീസറെ സഹായിക്കുന്നതിനായി കേരള ഹൈക്കോടതി സർവീസിലെ സ്ഥിരം ഐ.ടി കേഡറിൽ **63,700 - 1,23,700/-** രൂപ ശമ്പള സ്കെയിലിൽ **ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ (JTO)** ഒരു പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

4) ടി തസ്തികയുടെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ ജനറൽ,കേരള ഹൈക്കോടതി,എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2839396/EXP-D2/142/2024-Fin തീയതി 19.10.2024 & 25.01.2025 പ്രകാരം )
പൊതുഭരണ( എസ്.സി) വകുപ്പ്( മന്ത്രിസഭാ യോഗതീരുമാനം ഇനം 2831 തീയതി 09.04.2025 പ്രകാരം)
വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar. S
Date: 11-04-2025 14:27:53
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 09-04-2025**

ഫയൽ നം. സി2/207/2024/ആഭ്യന്തരം. ഇനം നം: 2831

വിഷയം : ആഭ്യന്തര വകുപ്പ് - ഹൈക്കോടതി സർവ്വീസിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2831

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/207/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്-ഹൈക്കോടതി സർവ്വീസിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.03.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതേ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 03.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഹൈക്കോടതിയിൽ പുതുതായി ഒരു ജൂനിയർ ടെക്നിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശ സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) ഹൈക്കോടതി സർവീസിലെ ഐ.ടി വിഭാഗത്തിൽ 6.02.2023 തീയതിയിലെ G.O. (Ms) നമ്പർ 45 / 2023 / ആഭ്യന്തരം പ്രകാരം, പത്തൊൻപത് (19) സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിൽ നിന്നും, 1,07,800-1,60,000 രൂപ ശമ്പള സ്കെയിലിൽ ഒരു മാനേജർ (ഐടി) തസ്തിക, 59,300-1,20,900 രൂപ ശമ്പള സ്കെയിലിൽ ഒരു സിസ്റ്റം എഞ്ചിനീയർ തസ്തിക, 59,300-1,20,900 രൂപ ശമ്പള സ്കെയിലിൽ മൂന്ന് സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികകൾ എന്നീ അഞ്ച് സൂപ്പർ വൈസറി തസ്തികകൾ കേരള ഹൈക്കോടതിയിലേയ്ക്കും, 51,400-1,10,300 രൂപ ശമ്പള സ്കെയിലിൽ ഓരോ ജില്ലക്കും ഓരോ സിസ്റ്റം ഓഫീസർ എന്ന കണക്കിൽ ജില്ലാജുഡീഷ്യറിയിലേയ്ക്ക് 14 സീനിയർ സിസ്റ്റം ഓഫീസർ തസ്തികകൾ നീക്കി വയ്ക്കുകയും ചെയ്തിരുന്നു.

3) ജുഡീഷ്യറിയിലെ നീതിനിർവ്വഹണം മികവുറ്റതാക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂൾസ് വർദ്ധിച്ച തോതിൽ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുള്ള കേസ് മാനേജ്മെന്റ് സിസ്റ്റം (സിഎംഎസ്) ജില്ലാ ജുഡീഷ്യറിയിൽ കൂടി നടപ്പിലാക്കാൻ ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം വഖഫ് ട്രൈബ്യൂണൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, വിജിലൻസ് കോടതികൾ എന്നിവയ്ക്കായി കസ്റ്റമൈസ്ഡ്

സോഫ്റ്റ്വെയർ പോലുള്ള മറ്റ് സോഫ്റ്റ്വെയർ എന്നിവ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായവും ആവശ്യമാണ്. മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ചുകൊണ്ട്, കേരള ഹൈക്കോടതിയിലെ പ്രിൻസിപ്പൽ ടെക്നിക്കൽ ഓഫീസറെ സഹായിക്കുന്നതിന്, ഹൈക്കോടതി ഐടി വിഭാഗത്തിൽ ₹63,700-1,23,700 /- ശമ്പള സ്കെയിലിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ (JTO) ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള വാർഷിക സാമ്പത്തിക ബാദ്ധ്യത 9,10,000/- രൂപയാണെന്നും രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്.

4) ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു;

*'Finance ' agrees to accord sanction for the creation of one post of Junior Technical Officer(JTO) in the permanent IT cadre in the High Court establishment*

5) തുടർന്ന്, നിർദ്ദിഷ്ട തസ്തികയുടെ ശമ്പള സ്കെയിലിന്മേലുള്ള വ്യക്തതയ്ക്കായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അഭിപ്രായപ്പെട്ടു;

*Finance agrees to sanction the scale of pay of Rs 63700 - 123700 /- to Junior Technical Officer in the permanent IT cadre in High Court establishment . AD is also requested to take decision on finalising the qualification of the post after ascertaining the duties and responsibilities of the post.*

*This has approval of Hon'ble Minister ( Finance) .*

6) പുതുതായി നിർദ്ദേശിക്കപ്പെട്ട തസ്തികയുടെ യോഗ്യത, പരിചയം തുടങ്ങിയ വിശദാംശങ്ങൾ രജിസ്ട്രാർ ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്. കേരള ഹൈക്കോടതിയിലെ പ്രിൻസിപ്പൽ ടെക്നിക്കൽ ഓഫീസറെ സഹായിക്കുക എന്നതാണ് ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ പ്രവർത്തനങ്ങൾ/ചുമതലകൾ എന്നും കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്.

7) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

കേരള ഹൈക്കോടതി സർവീസിലെ സ്ഥിരം ഐ.ടി കേഡറിൽ ₹63,700 - 1,23,700/- ശമ്പള സ്കെയിലിൽ അനുബന്ധത്തിൽ പറയുന്ന യോഗ്യതകളോടെ ജൂനിയർ ടെക്നിക്കൽ ഓഫീസറുടെ (JTO) ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?